## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1929** **10.03.2020 - ൽ മറുപടിക്ക്.**

## റേഷൻ മുൻഗണന പട്ടികയിൽ അനർഹർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്ത് മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയത് എത്ര പേരെയാണെന്ന് വെളിപ്പെടുത്തുമോ; | **(എ)** ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ആയത് പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18.09.2017 ലെ സ.ഉ.(സാധാ)നം.320/17/ഭ.പൊ.വി.വ പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് നൽകിയിരുന്നു. ആയതു പ്രകാരം സംസ്ഥാനത്താകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കി. പരിശോധനയിൽ 30 മാർക്കോ അതിൽ കൂടുതലോ ലഭിച്ച കുടുംബങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ പട്ടികയിൽ നാളിതുവരെ 3,96,071 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (ഏകദേശം 17 ലക്ഷം അംഗങ്ങൾ) ടി പട്ടികയ്ക്ക് പുറമേ അടിയന്തിര പ്രാധാന്യമുള്ള കേസുകളിൽ, ഗുരുതരമായ രോഗങ്ങൾ, അടിയന്തിര ചികിത്സ ആവശ്യമുള്ളവർ എന്നിവർക്ക് മാനുഷിക പരിഗണന നൽകി മുൻഗണനാ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരുന്നവരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ 10(എ) പ്രകാരമുള്ള കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരമാണ് എ.എ.വൈ വിഭാഗത്തെ കണ്ടെത്തുന്നത്. ആയതിന് സംസ്ഥാനം പ്രത്യേകം |

മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

**(ബി)** അനർഹമായി മുൻഗണന റേഷൻ കാർഡ് കൈവശംവച്ച് റേഷൻ സാധനങ്ങൾ കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**(സി)** ഇതുവരെ എത്ര കുടുംബങ്ങളെ മുൻഗണന പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

**(ബി) യും (സി) യും** താലൂക്ക് സപ്ലൈ ആഫീസർമാരും റേഷനിംഗ് ഇൻസ്പെക്ടർമാരും ഉൾപ്പെട്ട സ്ക്വാഡ് വീടുകൾ തോറും പരിശോധന നടത്തി അനർഹമായ റേഷൻ കാർഡുകൾ കണ്ടെത്തി റദ്ദ് ചെയ്യുകയും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വില പിഴ ചുമത്തി ഈടാക്കുകയും കാർഡ് പൊതുവിഭാഗത്തിലേക്ക് മാറ്റുകയും ചെയ്യുന്നുണ്ട്. അനർഹമായി റേഷൻ സാധനങ്ങൾ വാങ്ങിയവരിൽ നിന്ന് കമ്പോള നിരക്കിൽ 2020 ജനുവരി മാസം വരെ 1.49 കോടി രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

ഇതുവരെ 4,76,568 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ തദ്ദേശസ്വയംഭരണം, മോട്ടോർവാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിരുന്നില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽ നിന്നും ഒഴിവാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**